I ഇ.ബി. XIV - കേരള നിയമസഭ/XXII-1

# പതിനാലാം കേരള നിയമസഭ

## ഇരുപത്തിരണ്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2021 ജനുവരി 08, വെള്ളി

പതിനാലാം കേരള നിയമസഭയുടെ ഇരുപത്തിരണ്ടാം സമ്മേളനം 2021 ജനുവരി 08-ാം തീയതി വെള്ളിയാഴ്ച രാവിലെ 9.00 മണിക്ക് നിയമസഭാ ഹാളിൽ ആരംഭിച്ചു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് പ്രത്യേകം പ്രത്യേകം ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

**ഗവർണറുടെ പ്രസംഗം**

നിയമസഭാ മന്ദിരത്തിന്റെ കിഴക്കുവശത്തുള്ള പ്രധാന കവാടത്തിൽ രാവിലെ 8.52-ന് എത്തിച്ചേർന്ന ബഹുമാനപ്പെട്ട ഗവർണർ ശ്രീ. ആരിഫ് മുഹമ്മദ് ഖാനെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, ഗവൺമെന്റ് ചീഫ് വിപ്പ്, ചീഫ് സെക്രട്ടറി, നിയമസഭാ സെക്രട്ടറി എന്നിവർ ചേർന്ന് സ്വീകരിച്ച് നിയമസഭാ ഹാളിലേയ്ക്ക് ആനയിച്ചു.

ബഹുമാനപ്പെട്ട ഗവർണറുടെ ആഗമനം ചീഫ് മാർഷൽ ബഹുമാനപ്പെട്ട അംഗങ്ങളെ അറിയിച്ചു.

ബഹുമാനപ്പെട്ട ഗവർണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സഭാംഗങ്ങൾ എഴുന്നേറ്റുനിന്ന് ഗവർണറെ സ്വാഗതം ചെയ്തു.

തുടർന്ന് ഗവർണർ, ഗവർണറുടെ അംഗരക്ഷകൻ, നിയമസഭാ സെക്രട്ടറി, സ്പീക്കർ, മുഖ്യമന്ത്രി, ഗവൺമെന്റ് ചീഫ് വിപ്പ്, ചീഫ് സെക്രട്ടറി, ഗവർണറുടെ സെക്രട്ടറി എന്നീ ക്രമത്തിൽ നിയമസഭാ ഹാളിലേയ്ക്ക് പ്രവേശിച്ചു.

(ബഹുമാനപ്പെട്ട ഗവർണർ നിയമസഭാ ഹാളിൽ പ്രവേശിച്ച ഉടനെ സർക്കാർ രാജിവയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പ്രതിപക്ഷാംഗങ്ങൾ ബാനറുകളും പ്ലക്കാർഡുകളും ഉയർത്തിപ്പിടിച്ച് മുദ്രാവാക്യം വിളിക്കുകയും തുടർന്ന് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തുകയും ചെയ്തു.)

ബഹുമാന്യരായ ഗവർണറും സ്പീക്കറും അദ്ധ്യക്ഷവേദിയിൽ അവരവരുടെ ഇരിപ്പിടങ്ങൾക്ക് മുന്നിലെത്തിയപ്പോൾ പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

ബഹുമാനപ്പെട്ട ഗവർണർ നിയമസഭാ സാമാജികരെ അഭിവാദ്യം ചെയ്ത് ഉപവിഷ്ടനായി.

(ഗവർണറുടെ പ്രസംഗത്തിനോട് വിയോജിപ്പ് രേഖപ്പെടുത്തി യു.ഡി.എഫ്. അംഗങ്ങൾ ഭൂരിഭാഗവും മുദ്രാവാക്യം വിളിച്ചുകൊണ്ട് ഡയസ്സിന് മുന്നിലേയ്ക്ക് വരികയും തുടർന്ന് പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം സഭ ബഹിഷ്കരിക്കുകയും ചെയ്തു.)

ബഹുമാനപ്പെട്ട ഗവർണർ രാവിലെ 9.02-ന് ആരംഭിച്ച പ്രസംഗം 11.10-ന് പൂർത്തിയാക്കി.

പ്രസംഗം പൂർത്തിയാക്കിയതിനുശേഷം വീണ്ടും പോലീസ് ബാന്റ് ദേശീയഗാനവാദനം മുഴക്കി.

തുടർന്ന് ബഹുമാനപ്പെട്ട ഗവർണറെ ബഹുമാന്യരായ സ്പീക്കർ, മുഖ്യമന്ത്രി, നിയമസഭാ സെക്രട്ടറി, ഗവൺമെന്റ് ചീഫ് വിപ്പ്, ചീഫ് സെക്രട്ടറി എന്നിവർ ചേർന്ന് നിയമസഭാ മന്ദിരത്തിന്റെ പ്രധാന കവാടത്തിലേയ്ക്ക് അനുഗമിച്ച് യാത്രയാക്കി.

ഗവർണറെ യാത്രയാക്കിയശേഷം ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ യോഗം തുടർന്നു. സ്പീക്കറുടെ നിർദ്ദേശാനുസരണം ഗവർണറുടെ പ്രസംഗത്തിന്റെ പകർപ്പുകൾ നിയമസഭാ സാമാജികർക്കും പത്രപ്രവർത്തകർക്കും വിതരണം ചെയ്തു.

ഗവർണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തിന്മേലുള്ള ചർച്ച 2021 ജനുവരി 12-ാം തീയതി ആരംഭിക്കുന്നതാണെന്നും പ്രമേയത്തിന് ഭേദഗതികൾ നൽകാനുദ്ദേശിക്കുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ 2021 ജനുവരി 9-ാം തീയതി ശനിയാഴ്ച ഉച്ചയ്ക്കുശേഷം 3.00 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടറിയെ ഏൽപ്പിക്കേണ്ടതാണെന്നും സ്പീക്കർ സഭയെ അറിയിച്ചു.

സഭ രാവിലെ 11.20-ന് പിരിഞ്ഞു.

........